കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം 695 001
ഫോൺ:: 0471 2331104 , 0471 2331159,
Email:cei@ceikerala.gov.in
:ceikerala@gmail.com
Website: www.ceikerala.gov.in

An IS 15700 : 2005 Certified Department

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നടപടിക്രമം**
**ഹാജർ : വി.സി.അനിൽകുമാർ**

വിഷയം: ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ജീവനക്കാര്യം– സ്കിൽഡ് അസിസ്റ്റന്റ് തസ്തികയിൽ റേഷ്യോ പ്രൊമോഷൻ അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

പരാമർശം:
1. സർക്കാർ ഉത്തരവ് (പി) നം.85/2011/ഫിൻ തീയതി 26.02.2011.
2. കണ്ണൂർ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 31/12/2011–ലെ എ–7701/2011/ഇ.ഐ.എൻ നമ്പർ ഉത്തരവ്.
3. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 09.11.2012–ലെ ഇ2–19972/2012/സി.ഇ.ഐ നമ്പർ ഉത്തരവ്.
4. ഇടുക്കി ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 06/07/2013–ലെ എ–1835/2013/ഇ.ഐ.ഇ നമ്പർ ഉത്തരവ്.
5. സർക്കാർ ഉത്തരവ് (പി) നം.07/2016/ഫിൻ തീയതി 20.01.2016

**ഉത്തരവ് നമ്പർ.ഇ4–21448/2018/സി.ഇ.ഐ തീയ്യതി 03/02/2020**

ഈ വകുപ്പിലെ സ്കിൽഡ് അസിസ്റ്റന്റുമാർക്ക് പരാമർശം (1), (5) ഉത്തരവുകൾ പ്രകാരം 1:1:1 റേഷ്യോ അടിസ്ഥാനത്തിൽ ഹയർ ഗ്രേഡ് പ്രൊമോഷന് അർഹതയുള്ളതാണ്.

സ്കിൽഡ് അസിസ്റ്റന്റ് സീനിയർ ഗ്രേഡ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ജെ.കെ.ശശി 30.11.2013–ൽ അധിവർഷ പെൻഷൻ പറ്റി സേവനത്തിൽ നിന്ന് വിരമിക്കുകയും, ശ്രീ.കെ.കെ.ഉണ്ണികൃഷ്ണൻ 31.08.2019–ൽ സേവനത്തിൽ നിന്ന് സ്വയം വിരമിക്കുകയും ചെയ്തു. ഇപ്രകാരം സ്കിൽഡ് അസിസ്റ്റന്റ് സീനിയർ ഗ്രേഡ് തസ്തികയിൽ ഉണ്ടായിട്ടുള്ള 2 ഒഴിവുകളിലേയ്ക്ക് സ്കിൽഡ് അസിസ്റ്റന്റ് ഹയർ ഗ്രേഡ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന സീനിയറായിട്ടുള്ള താഴെപറയുന്നവർക്ക് അവരുടെ പേരിനു നേരെ കാണിച്ചിരിക്കുന്ന തീയതി മുതൽ സ്കിൽഡ് അസിസ്റ്റന്റ് സീനിയർ ഗ്രേഡ് ആയി മുൻകാല പ്രാബല്യത്തോടെ റേഷ്യോ ഹയർ ഗ്രേഡ് പ്രൊമോഷൻ അനുവദിച്ചു ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും നിലവിൽ ജോലി ചെയ്യുന്ന കാര്യാലയവും | റേഷ്യോ അടിസ്ഥാനമാക്കി സീനിയർ ഗ്രേഡ് ആയി പ്രൊമോഷൻ അനുവദിക്കുന്ന തീയതി | ശമ്പള നിരക്ക് |
|---|---|---|---|
| 1 | ശ്രീ.രാധാകൃഷ്ണൻ.എം<br>ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, ആലപ്പുഴ | 01/12/2013 FN | 13900–24040<br>(Pre revised) |
| 2 | ശ്രീ.പ്രഭാകരൻ.കെ<br>ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, പാലക്കാട് | 01/09/2019 FN | 26500–56700 |

സ്കിൽഡ് അസിസ്റ്റന്റ് ഹയർ ഗ്രേഡ് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ജി.വിജയകൃഷ്ണൻ, ശ്രീ.പി.എ.സജീവ് എന്നിവർക്ക് യഥാക്രമം 01/07/2012, 01/10/2012 എന്നീ തീയതി മുതൽ പരാമർശം (3) ഉത്തരവു പ്രകാരം സ്കിൽഡ് അസിസ്റ്റന്റ് സീനിയർ ഗ്രേഡ് തസ്തികയിലേയ്ക്ക് റേഷ്യോ സ്ഥാനക്കയറ്റം നൽകുകയും ഇപ്രകാരം സ്കിൽഡ് അസിസ്റ്റന്റ് ഹയർ ഗ്രേഡ് തസ്തികയിൽ വന്ന രണ്ട് ഒഴിവുകളിലേയ്ക്ക് സ്കിൽഡ് അസിസ്റ്റന്റുമാരായ ശ്രീ.കെ.കെ.ജയരാജ്, ശ്രീ.എച്ച്.സലീം എന്നിവർക്ക് യഥാക്രമം 01/07/2012, 01/10/2012 എന്നീ തീയ്യതി മുതൽ സ്കിൽഡ് അസിസ്റ്റന്റ് ഹയർ ഗ്രേഡ് ആയി റേഷ്യോ പ്രൊമോഷൻ അനുവദിക്കുകയും ചെയ്തിരുന്നു.

കണ്ണൂർ ജില്ലാ കാര്യാലയത്തിൽ സ്കിൽഡ് അസിസ്റ്റന്റ് ഹയർ ഗ്രേഡ് ആയി സേവനമനുഷ്ഠിക്കവെ ബൈ ട്രാൻഫർ നിയമനം മുഖേന അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ആയി നിയമനം ലഭിച്ച ശ്രീ.സന്തോഷ്.സി.യെ പരാമർശം (2) ഉത്തരവുപ്രകാരം സ്കിൽഡ് അസിസ്റ്റന്റ് ഹയർ ഗ്രേഡ് തസ്തികയിൽ നിന്ന് 31/12/2011 അപരാഹ്നത്തിൽ വിടുതൽ ചെയ്തതുമൂലം 01/01/2012 മുതൽ സ്കിൽഡ് അസിസ്റ്റന്റ് ഹയർ ഗ്രേഡ് തസ്തികയിൽ ഒരു ഒഴിവ് വന്നിരുന്നു. ടി ഒഴിവിൽ റേഷ്യോ പ്രൊമോഷൻ നൽകാതെയാണ് അതിനുശേഷം 01/07/2012, 01/10/2012 എന്നീ തീയ്യതികളിൽ വന്ന ഒഴിവുകളിലേയ്ക്ക് യഥാക്രമം ശ്രീ.കെ.കെ.ജയരാജ്, ശ്രീ.എച്ച്.സലീം എന്നിവർക്ക് റേഷ്യോ ഹയർ ഗ്രേഡ് പ്രൊമോഷൻ നൽകിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ശ്രീ.കെ.കെ.ജയരാജ്, ശ്രീ.എച്ച്.സലീം എന്നിവർക്ക് സ്കിൽഡ് അസിസ്റ്റന്റ് ഹയർ ഗ്രേഡ് തസ്തികയിലേക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ച തീയ്യതി യഥാക്രമം 01/07/2012, 01/10/2012 എന്നതിനു പകരം യഥാക്രമം 01/01/2012, 01/07/2012 എന്നു ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

ശ്രീ.പി.എ.സജീവിന് സീനിയർ ഗ്രേഡ് ആയി റേഷ്യോ പ്രൊമോഷൻ നൽകിയതു മൂലം 01/10/2012 മുതലും അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ആയി ബൈ ട്രാൻസ്ഫർ നിയമനം ലഭിച്ച ശ്രീ.എച്ച്.സലീമിനെ പരാമർശം (4) ഉത്തരവു പ്രകാരം 06/07/2013-ൽ സ്കിൽഡ് അസിസ്റ്റന്റ് ഹയർ ഗ്രേഡ് തസ്തികയിൽ നിന്ന് വിടുതൽ ചെയ്തതു മൂലം 07/07/2013 മുതലും, ശ്രീ.രാധാകൃഷ്ണൻ.പി.എം.ന് സീനിയർ ഗ്രേഡ് ആയി റേഷ്യോ പ്രൊമോഷൻ നൽകിയതുമൂലം 01/12/2013 മുതലും, ശ്രീ.രാജേന്ദ്രൻ.പി.എം. സ്കിൽഡ് അസിസ്റ്റന്റ് ഹയർ ഗ്രേഡ് 31/05/2017-ൽ വിരമിച്ചതുമൂലം 01/06/2017 മുതലും, ശ്രീ.കെ.പ്രഭാകരന് സീനിയർ ഗ്രേഡ് ആയി റേഷ്യോ പ്രൊമോഷൻ നൽകിയതുമൂലം 01/09/2019 മുതലും സ്കിൽഡ് അസിസ്റ്റന്റ് ഹയർ ഗ്രേഡ് തസ്തികയിൽ 5 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ടി അഞ്ചു ഒഴിവുകളിലേയ്ക്ക് സീനിയറായിട്ടുള്ള താഴെപറയുന്ന സ്കിൽഡ് അസിസ്റ്റന്റുമാർക്ക് മുൻകാല പ്രാബല്യത്തോടെ അവരുടെ പേരിനു നേരെ കാണിച്ചിരിക്കുന്ന തീയതി മുതൽ സ്കിൽഡ് അസിസ്റ്റന്റ് ഹയർ ഗ്രേഡ് തസ്തികയിലേയ്ക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേരും നിലവിൽ ജോലി ചെയ്യുന്ന കാര്യാലയവും | റേഷ്യോ അടിസ്ഥാനമാക്കി സ്കിൽഡ് അസിസ്റ്റന്റ് ഹയർ ഗ്രേഡ് തസ്തികയിലേയ്ക്ക് പ്രൊമോഷൻ അനുവദിക്കുന്ന തീയതി | ശമ്പള നിരക്ക് |
|---|---|---|---|
| 1 | ശ്രീ.ശക്തിധരൻ.പി.എസ്<br>ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, എറണാകുളം | 01/10/2012 FN | 11620–20240<br>(Pre revised) |
| 2 | ശ്രീമതി.ജോയ്സ് സജീവ്കുമാരി.ഇ.റ്റി.<br>എം.ടി.എസ്.എൽ. കാര്യാലയം, കുളത്തൂർ, തിരുവനന്തപുരം | 07/07/2013 FN | 11620–20240<br>(Pre revised) |
| 3 | ശ്രീ.സിജു തങ്കപ്പൻ<br>ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, ഇടുക്കി | 01/12/2013 FN | 11620–20240<br>(Pre revised) |
| 4 | ശ്രീ.സുജിത്.ഡി<br>ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, പാലക്കാട് | 23/09/2017 FN | 22200–48000 |
| 5 | ശ്രീ.രമേഷ്.പി.എ<br>ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, എറണാകുളം | 01/09/2019 FN | 22200–48000 |

ശ്രീ.സുജിത്ത്.ഡി.യ്ക്ക് റേഷ്യോ പ്രൊമോഷനുള്ള ഒഴിവ് 01/06/2017 മുതൽ വന്നെങ്കിലും ടിയാൻ സ്കിൽഡ് അസിസ്റ്റന്റ് തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിച്ച തിയ്യതിയായ 23/09/2017 പൂർവ്വാഹ്നം മുതൽക്കേ ടിയാന് റേഷ്യോ ഹയർ ഗ്രേഡിന് അർഹതയുള്ളൂ. ടിയാന്, മുൻകാല പ്രാബല്യത്തോടെ റേഷ്യോ പ്രൊമോഷൻ അനുവദിച്ചതുമൂലമുള്ള ശമ്പള കുടിശ്ശികയ്ക്ക്, സർക്കാർ ഉത്തരവ് (പി) നം.515/07/ഫിൻ തിയ്യതി 19/10/2007–ലെ വ്യവസ്ഥപ്രകാരം, റേഷ്യോ ഹയർ ഗ്രേഡ് അനുവദിച്ച ഈ ഉത്തരവിന്റെ തിയ്യതി മുതൽ പിറകോട്ട് ഒരു വർഷത്തേക്ക് മാത്രമെ അർഹതയുണ്ടായിരിക്കുകയുള്ളൂ.

സ്കിൽഡ് അസിസ്റ്റന്റ് സീനിയർ ഗ്രേഡ് ആയി റേഷ്യോ പ്രൊമോഷൻ ലഭിച്ചവർക്ക് റേഷ്യോ പ്രൊമോഷൻ ലഭിച്ച തിയ്യതിക്കു മുൻപായി കെ.എസ്.ആർ. ഭാഗം ഒന്നു ചട്ടം 28 എ പ്രകാരം രണ്ടു ശമ്പള നിർണ്ണയാനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിലും സ്കിൽഡ് അസിസ്റ്റന്റ് ഹയർ ഗ്രേഡ് ആയി റേഷ്യോ പ്രൊമോഷൻ ലഭിച്ചവർക്ക് റേഷ്യോ പ്രൊമോഷൻ ലഭിക്കുന്ന തിയ്യതിക്കു മുൻപായി ഒരു ശമ്പള നിർണ്ണയാനുകൂല്യവും ലഭിച്ചിട്ടുണ്ടെങ്കിലും ഈ റേഷ്യോ പ്രൊമോഷൻ വഴി 28 എ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(ഒപ്പ്)

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

(മേലധികാരി മുഖേന)

പകർപ്പ് :

1. ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, എറണാകുളം
2. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, എം.ടി.എസ്.എൽ./ആലപ്പുഴ/ഇടുക്കി/പാലക്കാട്/മലപ്പുറം/കണ്ണൂർ
3. ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ/എറണാകുളം/ഇടുക്കി/പാലക്കാട്/മലപ്പുറം/കണ്ണൂർ
4. സബ് ട്രഷറി ഓഫീസർ, എഞ്ചിനീയറിംഗ് കോളേജ് പി.ഒ, തിരുവനന്തപുരം
5. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ/
   അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി.എ
6. കരുതൽ / അധികം

ഉത്തരവിൻ പ്രകാരം

**സീനിയർ സൂപ്രണ്ട്**

SKP 05/02